വിഷയം: കഥ അവശേഷിപ്പിച്ചു പോയ ഒരാൾ



# എന്നിലെ ഞാൻ നീയാകും, നിലാസ്വപ്നം

"നിർത്താം ഭൂമീ, ഈ കൂട്ടുകെട്ട് ഇവിടെ നിർത്താം, നിനക്കെന്തും പറയും ഈ സുഹൃത്തുക്കളോടും ആ ടീച്ചറോടുമാണ് ഭയം. എനിക്ക് മനസ്സിലാകുന്നില്ല, നിനക്കെന്താണ് ഈ പറയുന്നതെന്ന്?"

നീരസം വെളിപ്പെടുന്ന മനുവിന്റെ നേത്രങ്ങളെ ദർശിക്കാനുള്ള ഭയം മൂലം അവൾ ശിരസ്സുതാഴ്ത്തി നിൽക്കയായിരുന്നു. ഒരു നേർത്ത സ്പർശനത്താൽ പൊട്ടിവീഴുന്ന മഴമുത്തുകൾ പോലെ, അവളുടെ കണ്ണീർ നിലത്ത് പതിക്കുമ്പോഴും, മനസ്സ് ഒന്ന് പതറിയില്ല.

"എനിക്ക്...... മനസ്സിലാകില്ലടാ"

ഭൂമികയുടെ സ്വരത്തിലെ ഓരോ ഇടർച്ചയും അവനിൽ അതിയ അമർഷം സൃഷ്ടിച്ചു.

"നിനക്ക് പറ്റില്ലെങ്കിൽ... നിർത്തുന്നു എല്ലാം"

വികാരനിർഭരനായ അവൻ അവളെ പിന്തിരിഞ്ഞ് പിന്നോട്ടു നീങ്ങി, സ്തബ്ധയായ അവൾക്ക് പുറത്തും ഒരായിരം ചോദ്യങ്ങൾ ഉടലെടുപ്പിച്ചുകൊണ്ട്.

വർഷങ്ങൾ ഒരു തീവണ്ടി പോലെ അതിവേഗം മുന്നോട്ടു നീങ്ങി. മാനവും, ഭൂമികയും പരസ്പരം വിവിധ പാതകളിലേക്ക് തിരിഞ്ഞിട്ടുള്ള നല് വർഷങ്ങൾക്കുശേഷം, ഒരിക്കൽ തന്റെ ജോലിയുടെ ആവശ്യത്തിനായി മാനവ് ഭൂമികയുടെ വീട്ടിലെത്തി. തീർത്തും സാധാരണമായി പണികഴിപ്പിച്ച ആ വീട്ടിൽ--നിന്നും ഭൂമികയുടെ സഹോദരൻ ഭുവൻ അവനടു--ക്കലേക്കെത്തി.

"ചേട്ടാ, എന്നെ ഓർമ്മയുണ്ടോ, ഞാൻ മാനവ്. ഭൂമിക എന്തിയേ? അവളിപ്പോൾ എന്ത് ചെയ്യുന്നു?"

ജിജ്ഞാസ തുളുമ്പുന്ന കണ്ണുകളോടെ മാനവ് അത് ചോദിക്കുമ്പോൾ, മനസ്സ് വേദനയോടെ ഒരു പുഞ്ചിരി ഭുവൻ അവന് സമ്മാനിച്ചുകൊണ്ട് പറഞ്ഞു:

"ഉം, അവളിപ്പോൾ വിശ്രമിക്കുകയാണ്..."

"പുസ്തകങ്ങളെ അവൾ സ്നേഹിച്ചപ്പോൾ എന്നിലെ പ്രണയം വ്യർത്ഥമാണെന്ന് തിരിച്ചറിഞ്ഞ് പിന്നീടവളിപ്പോൾ ഒരുപാട് വിഷമിച്ചു"

ഭുവൻ എല്ലാം കേട്ടു നിൽക്കുക മാത്രം ചെയ്തു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 640 Participant Code: 311

"അവളിങ്ങനെ എഴുതുന്ന കണ്ടെത്തപ്പെടാത്ത, ആ താളുകളിൽ എന്തായിരുന്നെന്ന് എനിക്കറിയില്ല. അവൾ ഇപ്പോഴും എഴുതാറുണ്ടോ?"

ഒരു കൊച്ചു ഗ്ലാസ്സിൽ കൊണ്ടുവന്ന ചായ അവനു നേരെ നീട്ടിക്കൊണ്ട് ഭുവൻ പറഞ്ഞു.

"അവൾ ഒരുപാട് കഥകൾ എഴുതുമായിരുന്നു. പക്ഷേ ആർക്കും വായിക്കാൻ കൊടുക്കില്ല. ആദ്യമൊക്കെ ഞാനത് ശ്രദ്ധിക്കില്ലായിരുന്നു. പിന്നീട് ഒരിക്കൽ, ഞാൻ അവളില്ലാത്ത നേരത്ത് ഒരു ചെറിയ ആകാംക്ഷയിൽ അവളുടെ മുറിയിൽ കടന്ന് ആ താളുകൾ വായിക്കാൻ ആരംഭിച്ചു... പക്ഷേ..."

ഭുവന്റെ സ്വരത്തിലെ നേർത്ത നോവ് മനസ്സിന് അനുഭവപ്പെട്ടപ്പോൾ, അവനുള്ളിൽ ഒരുപിടി ഇന്നലെകൾ രൂപപ്പെട്ടു.

"അപ്പോൾ... ആ കഥകൾ...?"

"... ആദ്യമൊക്കെ ആ കഥകൾ വായിക്കുമ്പോൾ ഞാൻ അതിശയപ്പെട്ടു പോയിരുന്നു. സൗഹൃദത്തിന്റെയും, വാത്സല്യത്തിന്റെയും, പ്രണയത്തിന്റെയും-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 311

മാധുര്യം കൂട്ടിച്ചേർത്ത് അവൾ ജന്മംകൊടുത്തത്
ഒരായിരം കഥകൾക്കായിരുന്നു. അത് വായിച്ചതിന്
ശേഷം, ഞാനവളോട് അതിനെ പറ്റി ചോദിക്കും.
സ്നേഹവും, ഉത്സാഹവും കൂടിക്കലർന്ന ഒരാവേശത്തിൽ
ഉപ്പവെണ്ണോടെ അവളെനിക്ക് ഒരു പുഞ്ചിരി
സമ്മാനിക്കും... പക്ഷെ ഒരുണ്ട് മാസങ്ങൾക്കുശേഷം
തന്റെ നേത്രങ്ങളിൽനിന്നും കാഴ്ചയെ പിന്തിരിച്ച്
നീലാകാശക്കോണുകളിലേക്ക് ഭൂവൻ നോക്കുമ്പോൾ
അയാളിൽ ഉണരുന്ന പരിഭ്രാന്തി മനവിലും
ഒരു നെടുവീർപ്പുയർത്തി.

"പിന്നീടുള്ള അവളുടെ പെരുമാറ്റവും
മനോഭാവവും വ്യത്യസ്തമായിരുന്നു. ഭൂമിക. എന്റെ
ഭൂമി. അവൾ സന്ധ്യയാകുമ്പോൾ മുറിയിൽ കയറും.
ഇടക്കൊക്കെ എന്തൊക്കെയോ എഴുതും, പക്ഷേ അവളുടെ
കൈകൾ ഓരോ അക്ഷരത്തിന് ജീവൻ കൊടുക്കുമ്പോഴും
അവൾ അലറി കരയും. വേദനകളും, നൊമ്പരങ്ങളും
പ്രതിധ്വനിക്കുന്ന അവളുടെ ആ കരച്ചിൽ, എന്തിനെന്ന്
ഞാൻ ചിന്തിക്കും. ആശ്വസിപ്പിക്കാൻ അരികിലേക്ക്

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ചെല്ലുമ്പോൾ, എന്നെ ഉപദ്രവിക്കും, എന്നോട് ദേഷ്യപ്പെടും. എനിക്ക് അവളും, അവൾക്ക് ഞാനും എന്നവണ്ണം ജീവിച്ചുശീലിച്ചത് കൊണ്ടാകണം. അവളുടെ ഈ പെരുമാറ്റത്തിന് കാരണം അറിയാൻ എന്റെ മനസ്സ് വിതുമ്പി. അവൾ കണ്ണീരിൽ കുതിർത്തി എഴുതി അലമാരയിൽ സൂക്ഷിച്ചിരുന്ന ആ കഥകളിൽ എന്തോ ഉണ്ടെന്ന് എന്റെ മനസ്സ് മന്ത്രിച്ചു"

മനുവിന്റെ ഹൃദയത്തിനുള്ളിൽ ഇത് കേൾക്കു-മ്പോൾ അദൃശ്യമായ ഒരു മുൾമുന കുത്തിയിറങ്ങി.

"എന്നിട്ട്?"

അവന്റെ മനസ്സിനടിത്തട്ടിലെ ഏതോ രക്തധമനി അവൾക്കുള്ളിലേക്ക് നീളുന്നുണ്ടായിരുന്നു.

"അവളറിയാതെ ഞാൻ വീണ്ടും ഒരിക്കൽ ആ കഥകൾ വായിച്ചു. അതിൽ മാത്രമല്ല.., അവളുടെ കഥകളിലെ മാറ്റവും എന്നിൽ ആശ്ചര്യത്തോടൊപ്പം വേദനയും ഉളവാക്കി, വടിവൊത്ത അവളുടെ അക്ഷരങ്ങൾ.... വേരുവേർപെട്ട അക്ഷരങ്ങളായി മാറി, ആനന്ദരാഗം മൂളിയ അവളുടെ ആശയങ്ങൾ ശോകസാഗരത്തിന്റെ

തിരുശേഷിപ്പായി, ആ കഥകൾ വായിച്ചുതീർന്നപ്പോൾ എന്നിൽ നമ്പിട്ടത് ഒരു വലിയ തിരിച്ചറിവായിരുന്നു."

ഒരു കൂട്ടുകാരനെ പോലെ ധ്രുവന്റെ കണ്ണുനീർത്തുള്ളികൾ മണ്ണിനെ തലോടി. ഓർമകൾ വാക്കുകളായപ്പോൾ, ആ വാക്കുകൾ വേദനയായി.

"അവളുടെ കണ്ണുകളിൽ... ഉടനീളം ഞാൻ കണ്ടത് കാമഹസ്തങ്ങൾ വേട്ടയാടിച്ച ഒരു പെൺകുട്ടിയെയാ-യിരുന്നു. കോളേജിൽ പഠിച്ച ആ കുട്ടിക്ക് സംഭവിച്ച ആകസ്മിക ദുരന്തം, കുഞ്ഞാടിന്റെ മുഖത്തി-ൽ പടലമണിഞ്ഞ കാമഭ്രാന്തുകൾ അവൾക്കുള്ളിൽ സൃഷ്ടിച്ചത് ഒരു തീരാത്ത നൊമ്പരമായിരുന്നു. ആ വേദന പുറത്തുപറയാൻ മടിച്ച് അവൾ ഉള്ളിൽപേറി നടന്നു. മറ്റൊരു പുരുഷന്റെ കരം മേനിയിൽ പതിച്ച-പ്പോൾ ഉണ്ടായ നോവുപോലും ആ പെൺകുട്ടി അത് തന്റെ പ്രണയനായകനോടുപോലും പറഞ്ഞില്ല."

മനുവ് അവന്റെ വാക്കുകളിൽ കൂടുതൽ ശ്രദ്ധ പെടുത്തിക്കൊണ്ടിരുന്നു. ധ്രുവന്റെ ഓരോ വചസ്സും മനുവിന്റെ ജിജ്ഞാസയുടെ തീവ്രത വർദ്ധിപ്പിച്ചു.

“നാളുകൾ നീളുന്ന അവളുടെ കഥയിലെ അവസാന വാക്ക്, അതാണെന്റെ ജീവിതത്തിൽ ഞെട്ടലിന്റെ നിമിഷമുഴക്കം ഉടലെടുക്കാൻ കാരണമായത്...

“ഇത് ഞാനാണ്, ഇത് എന്റെ സ്വന്തം കഥയാണ്,” പലതും പറയാൻ ആഗ്രഹിച്ച അവളുടെ കഥകളാക്കി- അവൾ പിറവിനൽകി.

“ആ വാക്കുകളിൽ ഞാൻ കണ്ടത്, ഒരു സ്ത്രീ താൻ ആഗ്രഹിക്കാതെ, തനിക്ക് ആരോടും ഒന്നും പറയാൻ സാധിക്കാതെ, ഒരു ദുരന്തത്തിന് ഇരയാകുമ്പോൾ നേരിടേണ്ടി വരുന്ന ദുരനുഭവമായിരുന്നു...”

ഭുവന്റെ ആ വാചകം മനസിലുണർത്തിയത് ഒരു ഞെട്ടൽ ആയിരുന്നില്ല മറിച്ച് തിരിച്ചറിയാനാകാതെ പ്രതികരിക്കാനാവാതെ അലയടിച്ച കുറ്റബോധമായിരുന്നു.

“എനിക്ക്... എന്റെ ഭൂമികയെ എനിക്കൊന്ന് കാണാൻ പറ്റുമോ?...”

ഈറനണിഞ്ഞ മനസിന്റെ മിഴികൾ നോക്കി ഭുവൻ തലയാട്ടി. ഇരുവരും വീടിനകലേക്ക് എവിടേക്കോ നടന്നുനീങ്ങി. ഒന്നും ചോദിക്കാതെ മനവ് ഭുവനെ

63rd Kerala School Kaloisavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 640 Participant Code: 311

അനുഗമിക്കുക മാത്രം ചെയ്തു. ഒടുവിൽ കൂരിരുൾ മൂടിയ, അസ്തമസൂര്യൻ സാക്ഷിയാകുന്ന ഒരു പാറയിൻ കോണിൽ ഇരുവരുമെത്തി. ആരും ശ്രദ്ധിക്കാത്ത വിധം, അവിടെ നിലകൊള്ളുന്ന ഒരു കുഴിമാടം നോക്കികൊണ്ട് ഭുവൻ പറഞ്ഞു:

"ഇതാ.... വിശ്രമിച്ചുകൊണ്ടിരിക്കുന്ന എന്റെ മറ്റ് കൂട്ടി. നാല് വർഷം മുമ്പ് നിങ്ങൾ പിരിഞ്ഞ ദിനത്തിൽ ശ്വാസം കൊണ്ടതാണ് ഇതിവിടെ അവളുടെ കഥകൾ പൂർത്തിയാക്കാനാകാതെ അവൾ ~~മണ്ണ്~~ മറഞ്ഞു."

നിസ്സഹായനായ മനുവിന് ആ നിമിഷം ഹൃദയംപൊട്ടി വിലപിക്കാൻ മാത്രമേ സാധിച്ചുള്ളൂ. ആ നിമിഷം തന്റെ ഭൂമികയുടെ ജീവൻ തന്നിൽ എത്രത്തോളം മൂല്യം ഉള്ളതാകുന്നു എന്ന ബോധ്യം അവനിലുണ്ടായി, എങ്കിലും നിസ്സഹായനും നിസ്സംഗനുമായ ഒരു വ്യക്തിയാവാൻ മാത്രമേ തനിക്ക് സാധിച്ചുള്ളൂ എന്ന ബോധ്യം അവനെ മുറിപ്പെടുത്തി.

വർഷങ്ങൾക്കിപ്പുറം...... പ്രശസ്ത ഛായാഗ്രാഹകൻ മനവ് പ്രശാന്ത്, ഒരു ~~[illegible]~~ ഛായാഗ്രഹണത്തിന് ശ്വാസം നൽകി. പ്രണയം നിറഞ്ഞ വീഥികളെ-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 311

ശേഷിപ്പിച്ചുകൊണ്ട്, ഒരു ദുരിതാനുഭവത്തിന് മുഖപടമായ ഒരു പെൺകുട്ടിയുടെ കഥ അല്ല, ഭൂമികയുടെ വേദനകഥ. അതിന്റെ ആദ്യ കോപ്പി (പ്രകാശനം ചെയ്യപ്പെട്ടപ്പോൾ തന്നെ ഒരുപാട് ജനം, ആ കഥാസമാഹാരത്തിന് ചുവടു- -നൽകി. അതിവേഗം ആ പുസ്തകം വിപണിയിൽ വിറ്റഴിഞ്ഞു. ഒട്ടേറെ മനുഷ്യർ മുഖേന ആ പുസ്തകം ഈ വേഗത്തിൽ പ്രശസ്തിയാർജ്ജിച്ചു. വായനക്കാരിൽ കണ്ണീർച്ചുഴക്ക് ജന്മം കൊടുത്ത ആ പുസ്തകം വാങ്ങാനായി അപരിചിതനായ ഒരു വ്യക്തി വന്നെത്തി. പുസ്തകത്തിൻ മുഖപടത്തിൽ ചാർത്തിയ ~~[illegible]~~ തലക്കെട്ട് അദ്ദേഹം അത്ഭുതത്തോടെയും, ആസ്വാദന- -ത്തോടും കൂടെ വായിച്ചു.

~~കഥ അവശേഷ~~

"കഥ അവശേഷിപ്പിച്ചു പോയ
ഒരാൾ...."
'ഭൂമിക എന്ന പെൺകുട്ടി.'

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)